# നീരവ് മോദിയുടെ തട്ടിപ്പ്;
# പൊതു ഖജനാവിനോടുള്ള ചതിയും കൊള്ളയും
## ജോർജ് ഏബ്രഹാം

പ്രമുഖ രത്ന ബിസിനസുകാരനും സെലിബ്രിറ്റികളുടെ ഇഷ്ട വ്യാപാരിയുമായിരുന്ന നീരവ് മോദി നടത്തിയ ബാങ്ക് വായ്പാ തട്ടിപ്പു കേസ് ഇന്ത്യ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ബാങ്ക് തട്ടിപ്പും, ധനികരായ ആളുകൾ ഭാരതമണ്ണിൽ സാമ്പത്തിക അഴിമതി നടത്തിയതിന്റെ പ്രത്യക്ഷമായ ഒരു തെളിവും ആണ്. നീരവ് മോദിയും, അയാളുടെ അമ്മാവൻ മെഹുൽചോക്സിയും ഇപ്പോൾ സി.ബി.ഐ.യുടെയും പഞ്ചാബ് നാഷണൽ ബാങ്കിന്റെയും പിടികിട്ടാപ്പുള്ളികളാണ്. ഇരുവരും ചേർന്ന് വിവിധ വിദേശസ്ഥാപനങ്ങളുടെ പേരിൽ 2000 മില്യൻ ഡോളറാണ് വായ്പയെടുത്തിരിക്കുന്നത്.

മുംബൈ ബ്രാഞ്ചിലെ രണ്ടു ജൂനിയർ ഓഫീസർമാർ മോദിയ്ക്കും ചോക്സിയ്ക്കും പണം കടം കൊടുക്കുന്നതിനുള്ള നടപടികത്ത് ഇന്ത്യയ്ക്കു പണം കടംകൊടുക്കുന്ന വിദേശ ബ്രാഞ്ചുകൾക്ക് കൈമാറി എന്നാണ് പഞ്ചാബ് നാഷണൽ ബാങ്കിന്റെ പരാതി.

എൻ.ഡി.റ്റി.വി അടുത്തകാലത്തു നടത്തിയ ഒരന്വേഷണത്തിൽ ഇന്ത്യൻ ബാങ്കുകളും നീരവ് മോദിയുടെ അമേരിക്കൻ കമ്പനികളും തമ്മിലുള്ള ധനവിനിമയങ്ങളിലെ അസ്വാഭാവികതകൾ പുറത്തുകൊണ്ടുവന്നിരുന്നു. സി.ബി.ഐ.യുടെ അനുമാനം, മോദി പഞ്ചാബ് നാഷണൽ ബാങ്കിൽനിന്നും തന്റെ വിദേശ വ്യാപാരികൾക്കു നല്കുവാനെന്ന വ്യാജേന എടുത്ത പണം മറ്റേതെങ്കിലും ഇടത്തേയ്ക്കു മാറ്റിയിട്ടുണ്ടാകാം എന്നാണ്.

നീരവ് മോദിയുടെ ന്യൂയോർക്കിലെ രജിസ്റ്റർ ചെയ്ത ബിസിനസ് സംരംഭമായ ഫയർസ്റ്റാർ ഡയമണ്ട് കടക്കാരിൽനിന്നും സംരക്ഷണം ലഭിക്കുന്നതിനായി ചാപ്റ്റർ 11 സ്വമേധാ പരാതി നല്കിയിട്ടുണ്ടെന്നാണ് ന്യൂയോർക്കിൽനിന്നുള്ള ഏറ്റവുമൊടുവിലത്തെ റിപ്പോർട്ട്. രാജ്യത്തിന്റെ സംരക്ഷകൻ എന്നവകാശപ്പെടുന്ന പ്രധാനമന്ത്രിയാകട്ടെ ഇക്കാര്യത്തിൽ ഒരു ഒഴുക്കൻ പ്രസ്താവന നടത്തി രക്ഷപെടുകയാണ് ചെയ്തത്.

ഇന്ത്യയിലെ ഒരു വ്യാപാരിക്ക് ഇത്ര വലിയ തുക ഒരു ബാങ്കിൽനിന്നും അടിച്ചുമാറ്റാൻ എങ്ങനെയാണ് സാധിക്കുക? തിരിച്ചടവു സംവിധാനങ്ങൾക്കുള്ള സാധ്യത വിലയിരുത്തുന്നതിൽ ധാർമ്മിക വീഴ്ച സംഭവിച്ചില്ലേ? റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ഉറക്കത്തിലായിരുന്നോ? ഇത്രയും ഭീമായ കരുതൽ ധനം മാറ്റം ചെയ്യപ്പെട്ടപ്പോൾ സാമ്പത്തിക മന്ത്രാലയം എന്തുകൊണ്ട് ഒരു മേൽനോട്ടം നടത്തിയില്ല? മോദി ഗവണ്മെന്റിന്റെ ഉത്തരവാദിത്തം എവിടെ?

വഞ്ചനകേസുകളുടെ ഏറ്റവും വലിയ നിഗൂഢത, നീരവ് മോദി ഉൾപ്പെടെയുള്ള ഇത്തരം കള്ളന്മാരെ നാടുവിട്ടുപോകുവാൻ അനുവദിക്കുന്നു എന്നതാണ്. 2018 ജനുവരി 29-ന് പഞ്ചാബ് നാഷണൽ ബാങ്ക്, സി.ബി.ഐക്ക് പരാതി നൽകുന്നതിനു തൊട്ടുമുമ്പ് നീരവ് മോദിയും സഹചാരികളും ഇന്ത്യ വിട്ടിരുന്നു. 2016 ജൂലൈ 22 വരെ 42 എഫ്.ഐ.ആറുകൾ നല്കിയ ഈ കേസിനെപ്പറ്റി പ്രധാനമന്ത്രിയടക്കം ഉള്ള ഉന്നത ഉദ്യോഗസ്ഥന്മാർക്ക് ബോധ്യമുണ്ടായിരുന്നു എന്നാണ് റിപ്പോർട്ടു ചെയ്യപ്പെട്ടത്. എന്നിട്ടും എന്തുകൊണ്ടാണ് ചോക്സി (നീരവിന്റെ അമ്മാവനും ഗീതാഞ്ജലി ജെംസ് ഉടമയും) അടക്കമുള്ളവർ രാജ്യം വിട്ടുപോകാൻ അനുവദിച്ചത്? ചോക്സിയുടെ നീക്കങ്ങൾ സംശയദൃഷ്ടിയോടെ നിരീക്ഷിക്കപ്പെട്ടിരുന്നതായും പറയപ്പെടുന്നു.

മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യമായിട്ടല്ല ഇപ്രകാരം കോടീശ്വരന്മാർ രാജ്യത്തെ വെട്ടിച്ചു വിദേശത്തേക്കു മുങ്ങുന്നതും പിടിക്കപ്പെടാതെ രക്ഷപ്പെടുന്നതും. മദ്യരാജാവ് വിജയ് മല്യ 2016 മാർച്ചിൽ വിദേശത്തേയ്ക്കു രക്ഷപ്പെടുമ്പോൾ 1.4 ബില്യൻ രൂപയുടെ വായ്പയാണ് എടുത്തിരുന്നത്. ഈ കപടനാട്യക്കാർക്കെല്ലാം ഇന്ത്യൻ ശിക്ഷാനിയമത്തിൽനിന്നും രക്ഷപ്പെടുന്നതിന് ഉന്നതന്മാരുടെ സഹായവും അനുമതിയും ലഭിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല.

പബ്ലിക് സെക്ടർ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്കിന്റെ ഭൂരിഭാഗം ഷെയറുകളും ഗവണ്മെന്റിന്റേതാണ്. അതായത് ഇപ്രകാരം ബാങ്ക് വരുത്തിവയ്ക്കുന്ന തിരിച്ചടയ്ക്കപ്പെടാത്ത കിട്ടാക്കടങ്ങൾ ഇന്ത്യയിലെ ഷെയർഹോൾഡർമാരും, ടാക്സ് അടയ്ക്കുന്നവരും നല്കുന്ന പണമാണ്.

2012-2013, 2016-2017 വർഷങ്ങൾക്കിടയിൽ 22,949 ബാങ്ക് തട്ടിപ്പുകേസുകളിലൂടെ ഇന്ത്യൻ ബാങ്കുകൾക്ക് 10.8 ബില്യൻ ഡോളറുകളുടെ നഷ്ടമുണ്ടായിട്ടുള്ളതായി കണക്കുകൾ വെളിപ്പെടുത്തുന്നു. കഴിഞ്ഞ മൂന്നര വർഷങ്ങൾക്കുള്ളിൽ 51,000 കോടി രൂപയുടെ മൂലധനമാണ് ഗവണ്മെന്റ് പബ്ലിക് സെക്ടർ ബാങ്കുകളിൽ

നിക്ഷേപിച്ചിരിക്കുന്നത്. അടുത്ത രണ്ടു വർഷങ്ങൾക്കുള്ളിൽ 2.11 ലക്ഷം കോടി രൂപകൂടി നിക്ഷേപിക്കാമെന്നാണ് പ്രതീക്ഷ. 2017 ജൂൺ വരെ പബ്ലിക് സെക്ടർ ബാങ്കുകളിലെ കിട്ടാക്കടം മാത്രം 7.33 ലക്ഷം കോടി രൂപയാണ്. 2015 മാർച്ചിൽ ഇത് 2.78 ലക്ഷം കോടിയായിരുന്നു. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കിട്ടാക്കടം നാലിരട്ടിയായി വർദ്ധിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇതിൽ നല്ല പങ്കും മേല്പറയപ്പെട്ട വിധം കോർപറേറ്റുകൾ കടമെടുത്തതും തിരിച്ചുകിട്ടാൻ സാദ്ധ്യതയില്ലാത്തതും ആണ്. അടുത്ത കാലത്ത് ഏണസ്റ്റ് & യംങ്ങ് കമ്പനി നടത്തിയ ഗവേഷണത്തിൽ പറയുന്നത് "സാമ്പത്തിക മാന്ദ്യത്തെ പഴിച്ചുകൊണ്ട് കോർപറേറ്റുകൾ ബാങ്ക് ലോണുകൾ തിരിച്ചടയ്ക്കുന്നതിന് ഒഴിവുകഴിവു പറയുമ്പോൾ ഇവരുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റു ചെയ്യുമ്പോൾ മനസ്സിലാകുന്നത് കടമെടുത്ത പണം വകമാറ്റി മറ്റു പല കാര്യങ്ങൾക്കും ഉപയോഗിച്ചു എന്നതാണ് പ്രതിസന്ധിക്കു വഴിവയ്ക്കുന്നത് അത്തരം നടപടികളാണ്."

ധനികരും സ്വാധീനമുള്ളവരും ഇപ്രകാരം മനഃപൂർവ്വം നടത്തുന്ന തട്ടിപ്പു നടത്തുന്നതോടൊപ്പം വമ്പിച്ച സാമ്പത്തിക ബാദ്ധ്യതകൾ വളർത്തുന്ന ഇത്തരം സംവിധാനങ്ങളെ നമുക്ക് എങ്ങനെയാണു വിശദീകരിക്കുവാൻ സാധിക്കുന്നത്?

വജ്രവ്യാപാര സംബന്ധമായ കാര്യങ്ങളെക്കുറിച്ച് വളരെ കുറച്ചു വിദഗ്ധർ മാത്രമുള്ള ബാങ്കിൽനിന്നും 12,000 കോടി രൂപ മാറ്റികൊടുക്കുവാൻ പഞ്ചാബ് നാഷണൽ ബാങ്കിന്റെ മുംബൈ ബ്രാഞ്ചിലെ രണ്ടു ജൂനിയർ ഓഫീസർമാർ തീരുമാനിച്ചു എന്ന് നമ്മൾ വിശ്വസിച്ചുകൊള്ളണം എന്നാണു പറയുന്നത്.

ഈ വായ്പാസംവിധാനത്തിലുള്ള മറ്റൊരു വിരോധാഭാസം, ഒരു സാധാരണക്കാരനായ ഇന്ത്യൻ പൗരന് ഇത്തരം പബ്ലിക് സെക്ടർ ബാങ്കുകളിൽ ഒരു ചെറിയ തുകയുടെ വ്യക്തിഗത ലോണിന് അപേക്ഷിച്ചാൽ അനനേക കടമ്പകളാണ് മുന്നിലുള്ളത് എന്നതാണ്. കർഷകർ പോലും ഒരു ചെറിയ തുകയ്ക്ക് അപേക്ഷിച്ചാൽ ഭീമമായ സെക്യൂരിറ്റിയും ധാരാളം രേഖകളും നല്കേണ്ടതുണ്ട്. തിരിച്ചടവിൽ ഒരു തവണ മുടങ്ങിയാൽ അവർക്ക് വലിയ മാനസിക പീഡനം അനുഭവിക്കേണ്ടിവരികയും ചില തവണകൾക്കു മുടക്കം വരുമ്പോൾ ജപ്തിനടപടി വരെ അഭിമുഖീകരിക്കേണ്ടിവരികയും ചെയ്യുന്നു. ഇത്തരം സംഘർഷാവസ്ഥയിലാണ് പലരും ആത്മഹത്യ ചെയ്യാൻപോലും നിർബന്ധിതരാകുന്നത്. പൗരന്മാർ കരമടയ്ക്കുന്ന പണം ബാങ്കിംഗ്, രാഷ്ട്രീയ തലങ്ങളിലുള്ള സ്വാധീനമുപയോഗിച്ച് വൻ പ്രോജക്ടുകൾക്കും പദ്ധതികൾക്കുമായി വ്യാജമായി കവർന്നെടുത്തുകൊണ്ട് തട്ടിപ്പുകാർ വിദേശരാജ്യങ്ങളിൽ സുഖജീവിതം നയിക്കുകയാണ്.

റോട്ടോമാക് പേനയുടെ നിർമ്മാതാവ് വിക്രം കോത്താരി പബ്ലിക് സെക്ടർ ബാങ്കിൽനിന്നും 3695 കോടി രൂപയുടെ തട്ടിപ്പു നടത്തിയ സംഭവവും അടുത്തകാലത്ത് പുറത്തുവന്ന വാർത്തയാണ്.

പബ്ലിക് സെക്ടർ ബാങ്കുകൾ ഇങ്ങനെ പ്രതിസന്ധിയിലാകുമ്പോൾ ഗവണ്മെന്റ് എടുക്കുന്ന ഒരു നടപടിയാണ് റീകാപ്പിറ്റലൈസേഷൻ. അത് ഇപ്രകാരമാണ്. ബജറ്റ് വിഹിതമായി ഗവണ്മെന്റ് കോടിക്കണക്കിനു ഷെയറുകൾ വാങ്ങുന്നതോടൊപ്പം ബാങ്കുകളും മാർക്കറ്റിൽനിന്നും ഷെയറുകൾ വാങ്ങി മൂലധനം വർദ്ധിപ്പിക്കുന്നു. ബാങ്കുകൾക്ക് കൂടുതൽ ഷെയറുകൾ വാങ്ങുവാൻ പണം ബോണ്ടായി നല്കുവാനും ഗവണ്മെന്റ് തയ്യാറാകുന്നു.

മോദി ഭരണകൂടത്തിന്റെ കീഴിൽ ധനികരായ ആളുകളുടെ കൂട്ടുകെട്ട് ശക്തിപ്പെടുകയും, സാധാരണക്കാരുടെ കരമടവു തുക ധനികരായ കോടീശ്വരന്മാർക്ക് കണക്കില്ലാതെ കടംകൊടുക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ഇവരിൽ അനേകരും മോദിയുടെ സ്വന്തം നാടായ ഗുജറാത്തിൽ നിന്നുള്ളവരാണ്. അതേസമയം പാവപ്പെട്ടവൻ നിർബന്ധിത മിനിമം ബാലൻസ് വ്യവസ്ഥ തെറ്റിച്ചുപോയാൽ അവന്റെ പണം ബാങ്ക് കവർന്നെടുക്കും. പൗരന്മാരുടെ നില ഭദ്രമാക്കുന്നതിനായി സ്കൂളുകളോ, പാലങ്ങളോ, ആരോഗ്യസംരക്ഷണ സംവിധാനങ്ങളോ ലഭ്യമാക്കുന്നതിനുള്ള പൊതുഖജനാവിലെ പണമാണ് ഇങ്ങനെ മുതലാളിമാർ തട്ടിയെടുക്കുന്നതെന്നോർക്കണം.

രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും സുഖസൗകര്യങ്ങൾക്കും ശവക്കുഴി തോണ്ടുന്ന ഇത്തരം സാമ്പത്തിക തട്ടിപ്പുകൾക്കും വഞ്ചനകൾക്കും അറുതി വരുത്തുന്നതിന് മോദി ഗവണ്മെന്റ് ഗൗരവപൂർവ്വം രംഗത്തുവരാൻ സമയമായി. നിലവിൽ ഇന്ത്യയിലെ ബാങ്കുകളുടെ കിട്ടാക്കടം 137 രാജ്യങ്ങളുടേതിലും കൂടുതലാണ്. ഭീമമായ ലോണെടുക്കുന്നവരുടെ സ്ഥാപനങ്ങൾ ശരിയായ ഓഡിറ്റിംഗിനു വിധേയമാക്കി തിരിച്ചടവിനുള്ള സാധുത വിലയിരുത്തേണ്ടതാണ്. ഗവണ്മെന്റിന് ഈ പ്രതിസന്ധിയെ നേരിടുന്നതിനുള്ള വ്യക്തമായ പരിഹാരമാർഗ്ഗം ഉണ്ടോ എന്നതാണ് ഇവിടെ ഏറ്റവും പ്രസക്തമായ ചോദ്യം.

***(ലേഖകൻ യുണൈറ്റഡ് നേഷൻസിന്റെ മുൻ ചീഫ് ടെക്നോളജി ഓഫീസറും, അമേരിക്കയിലെ ഇൻഡ്യൻ ഓവർസീസ് കോൺഗ്രസ് വൈസ് ചെയർമാനുമാണ്).***